# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 17/10/2016-ൽ മറുപടിക്ക്
നമ്പർ.2660

## ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പി.എസ്.സി. അഡൈ്വസ് മെമ്മോ

**ചോദ്യം**

ശ്രീ.ജോർജ് എം.തോമസ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | വിവിധ വകുപ്പുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടും കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പി.എസ്.സി. അഡൈ്വസ് മെമ്മോ അയക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ; | (എ) | കോഴിക്കോട് ജില്ലയിൽ എൽ.ജി.എസ്. തസ്തികയുടെ റാങ്ക് പട്ടികയിൽ നിന്നും വിവിധ വകുപ്പുകളിലേക്ക് നിയമനാധികാരികൾ എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്ക് പി.എസ്.സി. സമയ ബന്ധിതമായി നിയമന ശിപാർശ നൽകി വരുന്നുണ്ട്. ഇതുവരെ 223 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവർക്ക് അഡൈ്വസ് മെമ്മോ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) | നിയമന ശിപാർശ നൽകുന്നതിലേയ്ക്കായി പുതുതായി 18 ഒഴിവുകളാണ് നിലവിലുള്ളത്. ആയതിലേക്കുള്ള നിയമന ശിപാർശാ നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ